**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 107** **08-08-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ് പി സി) പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൂടുതൽ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ് പി സി ) പദ്ധതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | 2023-24 അദ്ധ്യയന വർഷത്തിലേക്ക് പുതുതായി സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല. ആയത് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി) പദ്ധതി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ് . |
| (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ പഞ്ചായത്തിലെ ശ്രീകൃഷ്ണ എച്ച്.എസ് -ൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ് പി സി ) പദ്ധതി അനുവദിയ്ക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നതിനും ഈ അദ്ധ്യയന വർഷം തന്നെ ആയത് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ പഞ്ചായത്തിലെ ശ്രീകൃഷ്ണ ഹൈസ്കൂളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിയ്ക്കുന്നതിനായി സ്കൂൾ അധികാരികളിൽ നിന്നും 29.07.2023 ൽ ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. 2023-24 അദ്ധ്യയന വർഷത്തിലേക്ക് സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത അപേക്ഷയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ